
# പി .എസ്.പി.എം.യൂ.പി.സ്കൂൾ
# മടപ്പള്ളി ചവറ



# അക്കാഡമിക്മാസ്റ്റർപ്ലാൻ

## 2025-2026

| Sl.No: | ഉള്ളടക്കം | P.No: |
| --- | --- | --- |
| 1. | ആമുഖം | 1-2 |
| 2. | കാഴ്ചപ്പാട് | 3-7 |
| 3. | വിദ്യാലയ ചരിത്രം | 7-8 |
| 4. | ലക്ഷ്യങ്ങൾ | 9- |
| 5. | ശാസ്ത്രം - ലക്ഷ്യങ്ങൾ | 10 |
| 6. | ഗണിതം - ലക്ഷ്യങ്ങൾ | |
| 7. | പദ്ധതി രൂപീകരണ പ്രക്രിയ | 12 |
| 8. | നിലവിലെ അവസ്ഥാ വിശകലനം | 13 |
| 9. | മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ | 16 |
| 10. | പദ്ധതി വിശദാംശങ്ങൾ | 17 |
| 11. | പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ | 61 |
| 12 | മോണിറ്ററിംഗ് | 62 |
| 13 | ഉപസംഹാരം | 63 |

സ്കൂളിന്റെ പേര് : PSPMUPS മടപ്പള്ളി ചവറ.

സ്കൂൾ കോഡ് : 41344

ജില്ല : കൊല്ലം

സബ്ജില്ല : ചവറ

സ്കൂൾ തുടങ്ങിയ വർഷം : 1979

വിസ്തീർണം : 1.65 acre

സ്കൂൾ മാനേജർ : Sri. രഞ്ജിത്ത് ബാബു. R

പഞ്ചായത്ത് : ചവറ

ബ്ലോക്ക് : ചവറ

ഉപജില്ല വിദ്യാഭ്യാസ ഓഫീസ് : ചവറ

ഉപജില്ല വിദ്യാഭ്യാസ ഓഫീസർ : ശ്രീമതി. അനിത. ടി. കെ

ബ്ലോക്ക് റിസോഴ്സ് സെന്റർ : ചവറ

ബ്ലോക്ക് പ്രോഗ്രാം ഓഫീസർ : Sri. കിഷോർ. K. കൊച്ചുവ്യം

ക്ലസ്റ്റർ റിസോഴ്സ് സെന്റർ :

സ്കൂൾ ഹെഡ്മിസ്ട്രസ് : Smt. ലക്ഷ്മിദേവി. A. S (Teacher in charge)

ഓഫീസ് ഫോൺ : 0476 2680106

## ആമുഖം ::

പ്ലാവേലിൽ ശങ്കുപ്പിള്ള അവർകളുടെ നാമധേയത്തിൽ ശ്രീ. വെമ്പർ നാരായണപിള്ള അവർകൾ 1974-ൽ സ്ഥാപിച്ച ചവറ മടപ്പള്ളി പി.എസ്.പി.എം യു.പി. സ്കൂൾ അക്ഷരാർത്ഥത്തിൽ ഈ പ്രദേശവാസികളുടെ ഒരു സരസ്വതി ക്ഷേത്രം തന്നെയാണ്.

പ്രഗത്ഭരായ അധ്യാപകരും, വിദ്യാർത്ഥികളും ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്. കർഷകത്തൊഴിലാളികളും കൂലിപ്പണിക്കാരും ഉൾപ്പെടെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ആളുകൾ താമസിക്കുന്ന ഒരു ഗ്രാമപ്രദേശമാണിത്.

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ അധ്യാപകരും, PTA അംഗങ്ങളും അതീവ ശ്രദ്ധ ചെലുത്താറുണ്ട്. അതിനാൽ തന്നെ വിവിധ മേഖലകളിൽ ഉന്നത വിജയങ്ങൾ നേടാൻ കഴിയുന്നുണ്ട്. തുടർന്നും വിവിധങ്ങളായ നേട്ടങ്ങൾ കൈവരിക്കണമെന്ന് ആഗ്രഹമുണ്ട്. അതിനായി എല്ലാവരും ഒറ്റക്കെട്ടായി പ്രയത്നിക്കും.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്തർദേശീയ നിലവാരത്തിലേക്ക്

ഉയർത്തുവാൻ ഞങ്ങളും വിശദ പ്രവർത്തനങ്ങൾ പലവഴി കാഴ്ച വയ്ക്കുന്നതാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാലയ-ത്തിലെ കുട്ടികളുടെ അവകാശമെന്ന കാഴ്ചപ്പാടോട് കൂടിയും അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ധാരണയോടും കൂടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാഭ്യാസരംഗത്തെ തുല്യത, ഉന്നത എന്നിവ അംഗീകരിക്കുവാൻ കഴിയും വിധം വിദ്യാലയ പഠനാന്തരീക്ഷത്തെ മെച്ചപ്പെടുത്തുക, പുതിയ വെല്ലു-വിളികൾ ഏറ്റെടുക്കുന്നതിന് അധ്യാപകർ സമൂഹത്തിനെ പ്രാപ്തരാക്കുക.

# കാഴ്ചപ്പാട്

മാറിവരുന്ന സാമൂഹ്യപശ്ചാത്തലത്തിനനുസരിച്ചും വിദ്യാർത്ഥിനികൾക്കനുസരിച്ചും ഈ സ്കൂളിൽ നിരവധി മാറ്റങ്ങൾ ഉണ്ടാകാൻ ഞങ്ങൾ ശ്രമിക്കുന്നു. അതോടൊപ്പം നേടേണ്ട നൈപുണികളെന്ന ലക്ഷ്യങ്ങളോടുകൂടി സ്കൂൾ സിസ്റ്റേഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ അധ്യാപകർ, പൂർവ്വ-വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി വരുംവർഷങ്ങളിൽ വിദ്യാലയ വികസനത്തിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നു.

ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷാജ്ഞാനവും ആശയവിനിമയ ശേഷിയും നേടണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനായി 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കാൻ ഞങ്ങൾ കഴിയാവുന്ന ശ്രമങ്ങൾ നടത്തും. കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, പ്ലാസ്റ്റിക് വിമുക്ത, കീടനാശിനി വിമുക്ത, ലഹരി വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നമ്മുടെ നാടുവൈവിധ്യത്തിലൂടെ ഞങ്ങൾ നേടിയെടുക്കും.

ഞങ്ങളുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും ജനകീയമാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾ, രക്ഷകർത്താക്കൾ, വ്യവസായികൾ, വിരമിച്ച അധ്യാപകർ, തൊഴിൽ സംഘടനകൾ, മഹിളാ സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ

പെൻഷൻകാർ തുടങ്ങിയവരെയെല്ലാം ഉൾപ്പെടുത്തി
സമഗ്ര ഗുണമേന്മ വിദ്യാലയ വികസനം മുന്നിൽ കണ്ടുകൊണ്ട്
താഴെ പറയുന്ന കാര്യങ്ങൾ ഞങ്ങൾ നടപ്പിലാക്കും.

വിദ്യാലയ വികസനത്തിന് കൂടുതൽ വിഭവ
പിന്തുണ നല്കുന്ന രീതിയിൽ അധ്യാപക രക്ഷാകർതൃസംഘടന
പ്രയോജനപ്പെടുത്തും. പൂർവ്വ വിദ്യാർത്ഥി സംഘടനകളുടെ
സഹായത്തോടെ പുതിയ പ്രവർത്തന വഴികൾ സൃഷ്ടിക്കു-
ന്നതിനും, വിദ്യാർത്ഥികൾക്കാവശ്യമായ വിദഗ്ധ പ്രവർത്തന
വഴികൾ, പിന്തുണ എന്നിവ ലഭ്യമാക്കുന്നതിനും വിവിധ
മേഖലകളിലെയും പ്രമുഖരെ നമ്മുടെ സ്കൂളുമായി ബന്ധി-
പ്പിച്ച് അക്കാദമിക നിലവാരം ഉയർത്തുന്നതിനും. പിന്തുണ
സംവിധാനം ഉറപ്പാക്കും. കൂടാതെ ദൈനംദിന പ്രവർത്തനങ്ങളിൽ
സഹായിക്കുന്ന ചുമതലകൾ വീതിച്ചു നല്കും. വിദ്യാലയത്തിലെ
അച്ചടക്കം, ഉച്ചഭക്ഷണം, ലഹരി വിമുക്തവും പരിസ്ഥിതി
സൗഹൃദവുമായ അന്തരീക്ഷമൊരുക്കൽ, വാർഷിക യോഗങ്ങൾ
വിദ്യാർത്ഥിക്ഷേമപ്രവർത്തനങ്ങൾ ഇവ PTA ഏറ്റെടുത്തു
യോഗങ്ങൾ നടത്തും. വിദ്യാലയങ്ങളും, വിദ്യാർത്ഥികളെയും
അധ്യാപകരെയും അംഗീകരിക്കുവാനും. [illegible]-
സമൂഹത്തിനെ ഏല്പിക്കും. പരിസരവാസികളുമായ തൊഴിൽ
പരമാവധി കഴിവുള്ളവരെ ഉൾപ്പെടുത്തി പഴയ കെട്ടിടങ്ങൾ
ആഘോഷങ്ങൾ, പരിപാടികൾ എന്നിവയ്ക്ക് നേതൃത്വം നല്കും.
പ്രാദേശിക കർഷകരെ സ്കൂൾ കാർഷിക പ്രവർത്തനങ്ങളുമായി
സഹകരിപ്പിക്കും. വീടുകളിലെ പച്ചക്കറികൾ സ്കൂളുകളിലേക്ക്

ലിലയ്ക്ക് നൽകി കുട്ടികളുടെ ആരോഗ്യം ഉറപ്പാക്കാൻ സഹായം തേടും. കൃഷിയുമായി ബന്ധപ്പെട്ട് സെമിനാർ, ട്രിപ്പ് എന്നിവ നടത്തും. ഔഷധസസ്യ പരിപാലനത്തിന് നാട്ടുവൈദ്യന്മാരുടെ സഹായം പ്രയോജനപ്പെടുത്തും. ചെടികൾ ചട്ടികൾ, വളം എന്നിവയ്ക്ക് കൃഷിഭവനിൽ നിന്ന് സഹായം തേടി ലഭ്യത ഉറപ്പാക്കും.

പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുന്നത് പഠനത്തിന്റെ ഭാഗമാക്കും. ലൈബ്രറി നവീകരിക്കുകയും, ക്ലാസ് ലൈബ്രറി സജീവമാക്കി കുട്ടികൾക്ക് അവരുടെ കൈയ്യെത്തും ദൂരത്ത് പുസ്തകം ലഭ്യമാക്കും. വിവിധ പുസ്തകങ്ങൾ ശേഖരിക്കുകയും. പത്രപ്രവർത്തനത്തിന്റെ അനുഭവങ്ങൾ കുട്ടികൾക്ക് നൽകാൻ പത്രപ്രവർത്തകരുടെ സഹായം ലഭ്യമാക്കും.

വിവിധ കലാകാരന്മാർക്ക് അവരുടെ അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുവാൻ അവസരമൊരുക്കും. കമ്പ്യൂട്ടർ പരിജ്ഞാനം കുട്ടികൾക്ക് ലഭ്യമാക്കുവാൻ പരിശീലനം നൽകുകയും, IT ഉപകരണങ്ങൾ ശേഖരിക്കുകയും ചെയ്യും. കുട്ടികളുടെ മികവുകൾ ഡോക്യുമെന്റേഷൻ ചെയ്ത് ശരിയായ വഴി പ്രചരിപ്പിക്കുകയും, അതുവഴി നിരവധി അവസരങ്ങൾ കിട്ടുന്ന സാഹചര്യം സംജാതമാക്കുകയും ചെയ്യും.

Hello English, മലയാളത്തിളക്കം തുടങ്ങിയ പരിപാടികൾ നന്നായി കൈകാര്യം ചെയ്യാൻ എല്ലാ ഭാഗങ്ങളും അധ്യാപകർ ഏറ്റെടുക്കും. ഓണം, ക്രിസ്മസ്

തുടങ്ങിയ ആഘോഷവേളകളിൽ എല്ലാ രക്ഷിതാക്കൾക്കും പങ്കെടുക്കുവാനുള്ള അവസരം നൽകും.

സ്കൂൾ ബ്ലോഗ് തയ്യാറാക്കി കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കും. എല്ലാ വിഷയങ്ങളുടെയും വർക്ക് ഷോപ്പുകൾ, മേളകൾ, ഫുഡ് ഫെസ്റ്റുകൾ എന്നിവ സമയബന്ധിതമായി നടപ്പിലാക്കും. ഓരോ വർഷത്തിലെയും പ്രവർത്തനമികവ് കുട്ടികളിലൂടെ "PTA വാർഷികയോഗം", "ഫെസ്റ്റുകൾ" എന്നിവ വഴി സമൂഹത്തിന് ബോധ്യമാകും.

കൗൺസിലർമാരുടെ സഹായത്തോടെ സമയാസമയങ്ങളിൽ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും കൗൺസിലിംഗ് ലഭ്യമാക്കും.

പ്രീപ്രൈമറി വിദ്യാഭ്യാസം കൂടുതൽ കുട്ടികളെ ആകർഷിക്കത്തക്കവിധം വിവിധ കളി ഉപകരണ-ങ്ങളും, കളിയിടങ്ങളും ഉണ്ടാക്കും. "ഹോം ലൈബ്രറി" പദ്ധതി പ്രവർത്തികമാക്കും. അതിനായി മാതാക്കളുടെ സഹായം ലഭ്യമാകും. ഒരു കുട്ടി പോലും എഴുത്തും വായനയും അടിസ്ഥാനശേഷികളും ആർജ്ജിക്കാതെ സ്കൂൾ പഠനം കഴിഞ്ഞ് പുറത്ത് പോകേണ്ടി വരരുത്. അതിനാവശ്യ പ്രവർത്തന-ങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്. കുട്ടികളുടെ സർവ്വതോ-ന്മുഖമായ വികാസത്തിന് വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതി-നുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുക, നാട്ടിൽ ലഭ്യമായ വൈദഗ്ധ്യമുള്ള കുട്ടികളുടെ ഉന്നമന വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുക, സർക്കാർ നടപ്പിലാക്കുന്ന പിന്നോക്ക സംവിധാനങ്ങളെ പ്രായോഗികതലത്തിലേക്ക് കൊണ്ടുവരിക

എന്നിവയിലാണ് ഈ മാസ്റ്റർ പ്ലാൻ ഊന്നൽ നൽകിയിരിക്കുന്നത്.

ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായത്തിനനുസൃതമായും അനുകൂലം വികാസം ചെയ്ത ഏറ്റവും ഉയർന്ന പഠനനേട്ടം ഉറപ്പാക്കുകയാണ് ഈ വിദ്യാലയം ലക്ഷ്യമിട്ടിരിക്കുന്നത്. ഏറ്റവും ഉയർന്ന തലത്തിൽ തന്നെ എല്ലാ പഠനലക്ഷ്യങ്ങളും സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

## വിദ്യാലയ ചരിത്രം

1979 ജൂൺ മാസം ഒരു ഡിവിഷൻ, അഞ്ചാം സ്റ്റാൻഡേർഡിൽ ആരംഭിച്ച സ്കൂൾ പിന്നീട് ചവറ സബ്ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ ആയി മാറി. ശേഷം ആയിരം കുട്ടികളും അധ്യാപകരും 38 ഉം ആയി. സബ്ജില്ലയിൽ നിന്നും സംസ്ഥാനതലത്തിലേക്ക് മത്സരങ്ങളിൽ കലാപരമായും കായികപരമായും, ശാസ്ത്രപരമായും പങ്കെടുക്കാൻ ഈ വിദ്യാലയം കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്. മികച്ച വിദ്യാഭ്യാസ യോഗ്യതയും, ബോധനതന്ത്രവും, അറിവ് പകരുന്നതിനുള്ള നൈപുണ്യവും (കൂടുതൽ കുട്ടികളെ ആകർഷിച്ച ഘടകം) ഉള്ള അധ്യാപകരാണ് ഈ സ്കൂളിലുള്ളത്.

ക്ഷേത്രത്തിന് സമീപത്തായി സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം കൂടുതൽ മികവുകൾ കാഴ്ചവയ്ക്കുക തന്നെ ചെയ്യും. മാറി വരുന്ന സമൂഹവും, അവരുടെ കാഴ്ചപ്പാടുകളും പിന്നെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും ഈ

സ്കൂളിന്റെ പ്രോഗ്രാം വിജയിപ്പിക്കുന്നതിലും ഉ. പ്രവർത്തന നടപ്പിൽ സഹായകമാണ്.

## വിദ്യാർത്ഥികളുടെ എണ്ണം

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| പ്രീപ്രൈമറി | | | |
| I | 23 | 26 | 49 |
| II | 19 | 27 | 46 |
| III | 25 | 21 | 46 |
| IV | 19 | 25 | 44 |
| V | 24 | 24 | 48 |
| VI | 33 | 21 | 54 |
| VII | 27 | 20 | 47 |
| Total | 170 | 164 | 334 |